# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **934** **08.01.2014** – ൽ മറുപടിക്ക്

**വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ 1-7-2009 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് 28-2-2011-ൽ സർക്കാർ ഉത്തരവ് ആയെങ്കിലും വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്ക്കരണം 16 മാസം വൈകി 3-7-2012-ൽ പ്രാബല്യത്തിൽ ഉത്തരവാകാനുള്ള സാഹചര്യം വ്യക്തമാക്കുമോ; | (എ) 03/07/2012-ലെ ജി.ഒ.(പി) നമ്പർ 368/12/ധന. ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരിച്ചപ്പോൾ പ്രസ്തുത പരിഷ്ക്കരണത്തിന് 01/07/2009 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. കൂടാതെ, കുടിശ്ശിക പണമായി നൽകുന്നതാണെന്ന് പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9.1-ൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) 1-7-2009 മുതൽ നാലു വർഷമായി വാട്ടർ അതോറിറ്റി പെൻഷൻകാർക്ക് ലഭിക്കുവാനുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്നുള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) വാട്ടർ അതോറിറ്റി പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) & (സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാട്ടർ അതോറിറ്റി പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ